പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1526

04.12.2015-ലെ മറുപടിക്ക്

കാലിത്തീറ്റ വിലവർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) കാലിത്തീറ്റ വിലവർദ്ധന മൂലം ക്ഷീരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കമോ?. | (എ) പാലുല്പാദനം കുറയുന്ന കാലയളവിൽ, ഉല്പാദനവും ക്ഷീരസഹകരണ സംഘങ്ങൾ വഴിയുള്ള സംഭരണവും വർദ്ധിപ്പിക്കുന്നതിനായി ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിന് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന വാങ്ങുന്ന കാലിത്തീറ്റയ്ക്ക് സംഘങ്ങളിൽ നല്കുന്ന പാലിന്റെ അളവിനെ അടിസ്ഥാനപ്പെടുത്തി, ക്ഷീരവികസന വകുപ്പ് സബ്സിഡി നല്കിവരുന്നു. ക്ഷീരമേഖലയിലെ വികസനം പരിമിതപ്പെടുത്തുന്ന പ്രധാനഘടകമായ തീറ്റച്ചെലവ് കുറയ്ക്കുന്നതിനായി ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽക്കൃഷി വികസന പദ്ധതിയിലൂടെ സൗജന്യമായി പുൽക്കട കൃഷി ചെയ്യുന്നതിനും ജലസേചനത്തിനും മറ്റും ധനസഹായം നല്കിവരുന്നു. കൂടാതെ തീറ്റച്ചെലവ് കുറയ്ക്കുന്നതിന് വനിതാസ്വയം സംരംഭക ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിച്ച് പുൽകൃഷി ചെയ്യുന്നതിന് സഹായവും, സംഘത്തിലൂടെ പുല്ല് വിൽക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. നടപ്പ് വർഷം പുൽകൃഷി പദ്ധതിയ്ക്കായി 500 ലക്ഷം രൂപയും കാലിത്തീറ്റ സബ്സിഡി നല്കുന്നതിലേയ്ക്കായി 1 ലിറ്റർ പാലിന് 1 രൂപ നിരക്കിൽ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിലൂടെ നല്കുന്നതിന് 1350 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനും മിൽമയുടെ |

മേഖലാ യൂണിയനുകളും കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകിവരുന്നുണ്ട്. ഫെഡറേഷൻ 2014-15 വർഷം കാലിത്തീറ്റ സബ്സിഡി ഇനത്തിൽ ഏകദേശം 10 കോടിയോളം രൂപ നൽകിയിട്ടുണ്ട്. കൂടാതെ ക്ഷീരകർഷകർക്ക് കേരള ഫീഡ്സ് ലിമിറ്റഡ് 2014 ഡിസംബർ മുതൽ 2015 സെപ്റ്റംബർ വരെയുള്ള കാലയളവിൽ കാലിത്തീറ്റക്ക് പരമാവധി വിൽപ്പന വിലയിൽ നിന്നും ഡിസ്കൗണ്ട് ഇനത്തിൽ മൊത്തം 6 കോടി രൂപയോളം നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ